# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3540 | 20/06/2018-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ നേത്ര ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | പ്രമേഹം മൂലമുള്ള അന്ധത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അന്ധത പരിശോധിക്കുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നേത്ര ചികിത്സയ്ക്കും സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത സംവിധാനം ഒരുക്കിയിട്ടുള്ളത്; ഇതിനായി ഒപ്റ്റോമെട്രിസ്റ്റുകളുടെ എത്ര തസ്തിക പുതിയതായി സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | ബി) | തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിലും ഡയബറ്റിക് റെറ്റിനോപ്പതിയ്ക്കുള്ള ചികിത്സ ലഭ്യമാണ്.<br>ഡയബറ്റിക് റെറ്റിനോപ്പതിയ്ക്കുള്ള ചികിത്സയ്ക്കായി സംസ്ഥാനത്ത് തിരുവനന്തപുരം ജനറൽ ആശുപത്രി ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി നെയ്യാറ്റിൻകര ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് , ആസ്ഥാന ആശുപത്രി കോട്ടയം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ലേസർ ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾ നേത്രരോഗ വിദഗ്ധരുടെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br>പുതുതായി ആർദ്രം പദ്ധതിയിൽ ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടുന്ന നേത്ര പരിശോധനകൾക്കായി 7 ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ രണ്ടും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒന്നും വീതം ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ